കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ഇ. എം) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം.65/2025/LSGD 14-11-2025

തിരുവനന്തപുരം

കേരള സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ഏഴ് ജില്ലകളിലെ എല്ലാ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേക്കുമുള്ള പൊതുതെരഞ്ഞെടുപ്പ് 2025 ഡിസംബർ 9-ാം തീയതിയും, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേക്കുമുള്ള പൊതുതെരഞ്ഞെടുപ്പ് 2025 ഡിസംബർ 11-ാം തീയതിയും നടത്തണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നതിനാൽ;

ഇപ്പോൾ, അതിനാൽ, 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 38-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, 2025 ഡിസംബർ 9-ാം തീയതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം

എന്നീ ഏഴ് ജില്ലകളിലെ എല്ലാ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേക്കും, 2025 ഡിസംബർ 11-ാം തീയതി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേക്കും പ്രസ്തുത ആക്റ്റിലേയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ അനുസരിച്ച് അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ കേരള സംസ്ഥാനത്തെ പഞ്ചായത്തുകളിലെ എല്ലാ നിയോജക മണ്ഡലങ്ങളോടും കേരള സർക്കാർ ഇതിനാൽ ആവശ്യപ്പെടുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതുവായ ലക്ഷ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ഏഴ് ജില്ലകളിലെ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് 2025 ഡിസംബർ 9-ാം തീയതിയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് 2025 ഡിസംബർ 11-ാം തീയതിയും നടത്തണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. ഈ ആവശ്യത്തിലേക്കായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 38-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

G.O.(P) No. /2025/LSGD. *Dated, Thiruvananthapuram, th November, 2025*

**S.R.O.No..../2025.-**

WHEREAS, the State Election Commission has recommended the date of general election to the constituencies of Panchayats of seven districts, namely, Thiruvananthapuram, Kollam, Pathanamthitta, Alappuzha, Kottayam, Idukki and Ernakulam to be held on 9th December, 2025 and to

the constituencies of Panchayats of the seven districts, namely, Thrissur, Palakkad, Malappuram, Kozhikode, Wayanad, Kannur and Kasaragod to be held on 11th December, 2025, in the State of Kerala;

NOW, THEREFORE, in exercise of the powers conferred by sub-section (2) of section 38 of the Kerala, Panchayat Raj Act, 1994 (13 of 1994) the Government of Kerala hereby call upon all the constituencies of the Panchayats in the State of Kerala to elect members, namely, all constituencies of Panchayats of seven districts, namely Thiruvananthapuram, Kollam, Pathanamthitta, Alappuzha, Kottayam, Idukki and Ernakulam on 9th December, 2025 and all constituencies of Panchayats of seven districts, namely Thrissur, Palakkad, Malappuram, Kozhikode, Wayanad, Kannur and Kasaragod on 11th December, 2025 in accordance with the provisions of the said Act and the rules and orders issued thereunder.

By order of the Governor,

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The State Election Commission has recommended to conduct general election to the constituencies of Panchayats of seven districts, namely Thiruvananthapuram, Kollam, Pathanamthitta, Alappuzha, Kottayam, Idukki and Ernakulam to be held on 9th December, 2025 and to the constituencies of Panchayats of seven districts, namely Thrissur, Palakkad, Malappuram, Kozhikode, Wayanad, Kannur and Kasaragod to be held on 11 th December, 2025, in the State of Kerala. For the purpose, the Government have decided to issue a notification in accordance with the provisions of sub-section (2) of section 38 of Kerala Panchayat Raj Act, 1994 (13 of 1994).

The notification is intended to achieve the above object.